26/04/2025

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** Haripriya Devi VV (I/C) **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/04/2025

1. എന്റെ കേരളം 2025 ന്റെ ഭാഗമായി വയനാട് കൽപ്പറ്റയിൽ ആരംഭിച്ച പ്രദർശന വിപണന മേളകളയിൽ ജനശ്രദ്ധ ആകർഷിച്ച് കൃഷിവകുപ്പിന്റെ സ്റ്റാളുകൾ. തികച്ചും വ്യത്യസ്തവും ആകർഷകവും ആയിട്ടാണ് കൃഷിവകുപ്പ് സ്റ്റാളുകൾ ഒരുക്കിയിരിക്കുന്നത്. സ്റ്റാളുകളിൽ ഏറ്റവും ആകർഷകമായത് തീം പവലിയൻ ആണ്. തീം പവലിയനിൽ ഡിജിറ്റൽ അഗ്രികൾച്ചർ മേഖലയിലെ പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്ക് അനുഭവഭേദ്യമാകുന്ന തരത്തിലാണ് സ്റ്റാൾ സജ്ജീകരിച്ചിരിക്കുന്നത്. ഡ്രോൺ സംവിധാനത്തിന്റെ കൃഷിയിടത്തിലെ സാധ്യതകളെക്കുറിച്ച് കർഷകർക്കും പൊതുജനത്തിനും അവബോധം സൃഷ്ടിക്കുന്നതിനും ഡ്രോൺ പ്രവർത്തനം അടുത്തറിയുന്നതിനും ലൈവ് ഡെമോൺസ്ട്രേഷനും സ്റ്റാളിൽ ഒരുക്കിയിട്ടുണ്ട്.

2. മുവാറ്റുപുഴ കാർഷികോത്സവ് മെയ് രണ്ടുമുതൽ 12 വരെ ഇ ഇ സി മാർക്കറ്റിൽ നടത്തുമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസി ഡന്റ് കെ ജി രാധാകൃഷ്ണൻ അറിയിച്ചു. ഏപ്രിൽ 21 മുതൽ 30 വരെ ഇ ഇ സി മാർക്കറ്റ് ഗ്രൗണ്ടിൽ നടത്താൻ നിശ്ചയിച്ചിരുന്ന മേളയാണ് മൂവാറ്റുപുഴ പട്ടണത്തിൽ റോഡ് നിർമാണം നടക്കുന്നതിനാൽ ഗതാഗതനിയന്ത്രണംമൂലം മാറ്റിവച്ചത്. കാർഷികോത്സവിൻ്റെ മുൻകൂർ ടിക്കറ്റുകൾ 30 വരെ വിതരണം ചെയ്യും.

3. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ, കുളമ്പുരോഗ നിയന്ത്രണ പദ്ധതി ആറാം ഘട്ട പ്രതിരോധ കുത്തിവയ്പ്പ് ക്യാമ്പയിൻ, സംസ്ഥാനത്തുടനീളം 2025 മെയ് 2 മുതൽ മെയ് 23 വരെ, 18 പ്രവൃത്തി ദിവസങ്ങളിലായി നടപ്പിലാക്കുകയാണ്. ക്യാമ്പെയിൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കാലയളവായ 18 പ്രവൃത്തി ദിവസത്തിനുള്ളിൽ നൂറു ശതമാനം ഉരുക്കളേയും (eligible population) പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കേണ്ടതാണ്.

4. തൃശൂർ അഗ്രി ഹോർട്ടികൾച്ചറൽ സൊസൈറ്റി 28,29 തിയതികളിൽ തൃശൂർ ടൗൺ ഹാളിൽ നടത്തുന്ന മാങ്ങ മേളയോടനുബന്ധിച്ച് ചിത്ര രചന, മാങ്ങകളുടെ പ്രദർശനം, മാങ്ങ ഭക്ഷ്യവിഭവങ്ങൾ എന്നിവയിൽ മത്സരം സംഘടിപ്പിക്കുന്നു. കാർഷിക സർവകലാശാല, കൃഷി വകുപ്പ്, ഡി.ടി.പി.സി, ഇൻഡിജിനസ്സ് മാങ്കോട്രീ കൺസർവേഷൻ പ്രൊജക്ട് എന്നിവയുടെ സഹകരണത്തോടെയാണ് മേള. 28 ന് രാവിലെ 10 മുതൽ മത്സരങ്ങൾ ആരംഭിക്കും. വ്യക്തികൾക്കുള്ള മാങ്ങ പ്രദർശന മത്സരത്തിൽ അഞ്ച് ഇനങ്ങളിൽപെട്ട ഇലയും ഞെട്ടുമുള്ള മൂന്നു മാങ്ങകൾ വീതം പേരുകൾ നൽകി 28 ന് രാവിലെ ഏഴു മണിക്ക് എത്തിക്കണം. മാങ്ങ ഭക്ഷ്യ വിഭവങ്ങളുടെ മത്സരം 29 ന് രാവിലെ 11 ന് നടക്കും. വിവരങ്ങൾക്ക്: 9447380721.

5. വെള്ളായണി കാർഷിക കോളേജിലെ അവസാന വർഷ വിദ്യാർത്ഥികളുടെ ഗ്രാമീണ അവബോധ പ്രവൃത്തി പരിചയ പരിപാടിയുടെ ഭാഗമായി ഏപ്രിൽ 26 ശനിയാഴ്ച രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ ഷി ലീഡ്സ് എക്സ്പോ-2025 കോളേജിലെ മണ്ഡപത്തിൽ വച്ച് സംഘടിപ്പിക്കുന്നു. സ്ത്രീ ശക്തികരണത്തിന് സഹായകരമാകുന്ന സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തുന്ന 'ഷീ ലീഡ്സ്' എക്സ്പോയിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ സ്വയം സഹായ സംഘങ്ങളുടെ പങ്കാളിത്തം, സംരംഭങ്ങളുടെ പരിചയപ്പെടൽ, ചക്കചായ, കൂൺ കോഫി, ബിരിയാണി, കപ്പ, ചെറുധാന്യ വിഭവങ്ങൾ എന്നിങ്ങനെയുള്ള മൂല്യ വർദ്ധിത-ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വില്പനയും, കലാപരിപാടികൾ എന്നിവയും ഉണ്ടായിരിക്കുന്നതാണ്. വിദ്യാർഥികളുടെ നേതൃത്വത്തിൽ നടക്കുന്ന 'ഷീ ലീഡ്സ്'

എക്സ്പോ സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങളുടെ നേർക്കാഴ്ച നല്കുന്നതിനോടൊപ്പം സ്ത്രീ ശക്തികരണത്തിന് സഹായകരമാകുന്ന സംരംഭക സാധ്യതകൾ മനസ്സിലാക്കുന്നതിനും സഹായിക്കും.

**പരിശീലന പരിപാടി**

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) 2025 ഏപ്രിൽ 28 മുതൽ മെയ് 01 വരെയുള്ള തീയതികളിൽ അന്യസംസ്ഥാന തൊഴിലാളികൾക്കായി റബ്ബർടാപ്പിങ് പരിശീലനം നടത്തുന്നു. പരിശീലനമാധ്യമം ഹിന്ദി ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇമെയിൽ: training@rubberboard.org.in

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.എെ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ മെയ് 01, 02 തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ : training@rubberboard.org.in.

8. **കാർഷിക നിർദ്ദേശം** - വേനൽ കാലത്ത് വാഴക്കുലയെ ബാധിക്കുന്ന പ്രധാന കുമിൾ രോഗമാണ് സിഗാർ എൻഡ് റോട്ട് അഥവാ ചുരുട്ട് രോഗം.നിയന്ത്രണം - കുലയിൽ വെയിൽ എൽക്കാതെ പൊതിയുക(ചെറു സുഷിരങ്ങളുള്ള ചാക്ക് ഉപയോഗിച്ച് പൊതിയാം). ഒന്നോ രണ്ടോ കായ്കളിൽ ലക്ഷണം കണ്ടാൽ ഉടൻ അവ നീക്കം ചെയ്ത്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കത്തിച്ചു കളയുകയോ ആഴത്തിൽ കുഴിച്ചു മൂടുകയോ ചെയ്യുക. പ്രതിരോധ മാർഗമെന്ന നിലയിൽ 100 ഗ്രാം അപ്പക്കാരവും 50 ഗ്രാം സോപ്പും 10 ലിറ്റർ വെള്ളവുമായി കലർത്തി കുലകളിൽ തളിക്കുന്നത് കുമിൾ വളർച്ച തടയുന്നതിന് സഹായിക്കും. രോഗലക്ഷണം വർദ്ധിക്കുകയാണെങ്കിൽ 1 ഗ്രാം കാർബണ്ടാസിം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി കുലകളിൽ തളിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം